# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കട്ടിക്കൽ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കെ. സെൻകുമാർ സമർപ്പിച്ച അപ്പീൽ അപേക്ഷ - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.1822/2018/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 03/07/2018

---

പരാമർശം:- 1 പഞ്ചായത്ത് ഡയറക്ടറുടെ 01.12.2017-ലെ ഡി5-37391/2015 നമ്പർ നടപടിക്രമങ്ങൾ

2 ശ്രീ. കെ. സെൻകുമാർ സമർപ്പിച്ച 22.12.2017-ലെ അപ്പീൽ അപേക്ഷ

3 പഞ്ചായത്ത് ഡയറക്ടറുടെ 21.01.2018-ലെ ഡി5-37391/2015 നമ്പർ കത്ത്

## ഉത്തരവ്

കോട്ടയം ജില്ലയിലെ കട്ടിക്കൽ ഗ്രാമപഞ്ചായത്തിലെ ഇളംകാട് ബസ് സ്റ്റാൻഡിൽ നിന്ന വാകമരം സോഷ്യൽ ഫോറസ്ട്രി വകുപ്പിന്റെ വാല്യുവേഷൻ സർട്ടിഫിക്കറ്റോ അനുമതിയോ വാങ്ങാതെയും ടി വകുപ്പിൽ നിയമാനുസരണം ഒടുക്കേണ്ട നികുതി അടവാക്കാതെയും നിയമാനുസരണമുള്ള ലേല നടപടിക്രമങ്ങൾ പാലിക്കാതെയും മുറിച്ച് നീക്കിയതായി വിജിലൻസ് ടോൾ ഫ്രീ നമ്പരിൽ പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തുകയും ടി പരാതിയിൽ കഴമ്പുള്ളതായി ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി സമയത്ത് കട്ടിക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പൂർണ്ണ അധിക ചുമതല വഹിച്ചിരുന്ന മുണ്ടക്കയം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. കെ. സെൻകുമാറിനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും ആയത് ടിയാന്റെ ഒരു വരും കാല വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ ഒരു വർഷത്തേയ്ക്ക് തടഞ്ഞുകൊണ്ട് പരാമർശം (1) പ്രകാരം അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവായിരുന്നു. മേൽ ഉത്തരവിനെതിരെ ടിയാൻ പരാമർശം (2) പ്രകാരം സർക്കാരിൽ അപ്പീൽ അപേക്ഷ സമർപ്പിക്കുകയും അയതിൽ ടിയാനെ നേരിൽ കേൾക്കണമെന്നും അഭ്യർത്ഥിക്കുകയുണ്ടായി.

ശ്രീ. സെൻകുമാർ നൽകിയ അപ്പീൽ അപേക്ഷയിൽ ബഹു. പഞ്ചായത്ത് ഡയറക്ടറുടെ ശിക്ഷ ഉത്തരവിൽ പറയും പ്രകാരം തനിക്ക് ചുമതലയുണ്ടായിരുന്ന 10.07.2015 തീയതിയിലെ 21-ാം നമ്പർ

തീരുമാനപ്രകാരമല്ല 7 5 സെ. മീറ്ററിൽ താഴെ ചുറ്റളവുള്ള ഉറക്കംതൂങ്ങി വാക എന്ന പാഴ്മരം വെട്ടിമാറ്റിയിട്ടുള്ളത് എന്നും, ആയത് മുറിച്ച മാറ്റിയിട്ടുള്ളത് 06.09.2012-ലെ കട്ടിക്കൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 1-ാം നമ്പർ തീരുമാനപ്രകാരമാണ് എന്നും ഇളംകാട് ബസ് സ്റ്റാൻഡിൽ നിന്ന വാകമരം ജനങ്ങളുടെ ജീവന് ഭീഷണി ഉയർത്തുന്നതിനാൽ വെട്ടിമാറ്റണമെന്ന് 17.09.2011-ന് ചേർന്ന ഗ്രാമസഭയിൽ തീരുമാനമെടുത്തിരുന്നുവെന്നും ആയത് പ്രകാരമാണ് മരം വെട്ടിമാറ്റിയതെന്നും അതിനുശേഷം 10.02.2015-ൽ മാത്രമാണ് തനിക്ക് കട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ അധിക ചുമതല നൽകുന്നത് എന്നും ആയതിനാൽ ടി വാകമരം വെട്ടിമാറ്റിയിട്ടുള്ളത് തന്റെ അറിവോ അനുമതിയോ കൂടാതെയാണ് എന്നും ടി മരം ആരും വിലക്കെടുക്കാൻ തയ്യാറാകാത്ത സാഹചര്യത്തിൽ മരം വെട്ടിയ ആൾ തന്നെ വിലയ്ക്കെടുത്തു കൊള്ളാം എന്നറിയിച്ചതിനെത്തുടർന്ന് പ്രാദേശികമായ വില വെട്ടുകൂലി ഉൾപ്പെടെ നിശ്ചയിച്ച നൽകുക മാത്രമാണ് 10.07.2015-ൽ ചേർന്ന ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 21-ാം നമ്പർ തീരുമാനപ്രകാരം കൈകൊണ്ടിട്ടുള്ളത് എന്നും, കൂടാതെ തടിക്ക് പ്രാദേശിക വില നിശ്ചയിച്ച 10.07.2015-ലെ പഞ്ചായത്ത് കമ്മിറ്റിയിൽ താൻ ആകസ്മിക അവധിയിൽ ആയിരുന്നതിനാൽ പങ്കെടുത്തിരുന്നില്ല എന്നും കട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനത്തിന് ഭംഗം വരാതിരിക്കാൻ കേരള പഞ്ചായത്ത് ആക്ട് വകുപ്പ് 184 പ്രകാരം സെക്രട്ടറി നിർവ്വഹിക്കേണ്ട ചില ചുമതലകൾക്കൊപ്പം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയിയിൽ പങ്കെടുക്കുക , മിനിറ്റ്സ് തയ്യാറാക്കുക എന്നീ ചുമതലകൾ കൂടി 04.05.2015-ലെ 18-ാം നമ്പർ ആഫീസ് ഉത്തരവ് പ്രകാരം ഹെഡ് ക്ലാർക്കിന് നൽകിയിരുന്നു എന്നും ആയതിനാൽ തന്റെ അഭാവത്തിൽ പ്രസിഡന്റുമായി ആലോചിച്ച് അജണ്ടാ നിശ്ചയിച്ചിരുന്നതും ചുമതലക്കാരനായിരുന്നു എന്നും ആയതിനാൽ യോഗത്തിൽ ഹാജരാകാതിരുന്ന തനിക്ക് നിയമോപദേശം കമ്മിറ്റിക്ക് നൽകാൻ സാധിക്കുമായിരുന്നില്ല എന്നും അറിയിക്കുകയുണ്ടായി. ആയതിനാൽ 10/02/2015 മുതൽ 26.07.2015 വരെ മാത്രം കട്ടിക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്ന താൻ ടി വിഷയത്തിൽ പൂർണ്ണമായും നിരപരാധിയാണെന്നും, തന്റെ നിരപരാധിത്വം ബന്ധപ്പെട്ട രേഖകൾ സഹിതം ഹാജരായി നേരിട്ട് വിശദീകരണം നൽകാൻ തനിക്ക് അവസരം ലഭിച്ചിരുന്നില്ല എന്നും അപ്രകാരം അവസരം ലഭിച്ചിരുന്നെങ്കിൽ ഇക്കാര്യത്തിൽ തനിക്ക് യാതൊരു പങ്കുമില്ലെന്ന് പഞ്ചായത്ത് ഡയറക്ടറെ ബോധിപ്പിക്കുവാൻ കഴിയുമായിരുന്നു എന്നും അറിയിക്കുകയുണ്ടായി. കൂടാതെ 7 5 സെ.മീറ്ററിൽ താഴെയുള്ള ഈട്ടി, തേക്ക് എന്നീ മരങ്ങൾക്കൊഴികെ നിലവിൽ സോഷ്യൽ ഫോറസ്ട്രീ ഷെഡ്യൂൾ പ്രകാരം മൂല്യ നിർണ്ണയം ഇല്ലാത്തതാണെന്നും ആയതിനാൽ ടി ചുറ്റളവിലുള്ള മറ്റ് മരങ്ങൾക്ക് സോഷ്യൽ ഫോറസ്ട്രീ മൂല്യ നിർണ്ണയം നടത്തി നൽകാറില്ലായെന്നും ഈ സാഹചര്യത്തിലാണ് സോഷ്യൽ ഫോറസ്ട്രീ മൂല്യ നിർണ്ണയം കൂടാതെയും കേരള പഞ്ചായത്ത് ആക്ട് വകുപ്പ് 2 3 8 അപായപരമായ വൃക്ഷങ്ങളുടെ കാര്യത്തിൽ മുൻകരുതലുകളും വേലികളും വൃക്ഷങ്ങളും വെട്ടിയൊതുക്കലും പ്രകാരം ടി മരം അന്ന് മുറിച്ചമാറ്റിയിട്ടുള്ളതെന്ന് മനസ്സിലാക്കാൻ കഴിയുന്നതെന്നും അറിയിക്കുകയുണ്ടായി.

ശ്രീ. കെ. സെൻകുമാറിന്റെ എതിർവാദപത്രികയിന്മേൽ കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അഭിപ്രായക്കുറിപ്പ് നൽകിയിരുന്നു എന്നും കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ട് മുഖവിലയ്ക്ക് എടുത്താൽ തന്നെ ടിയാനെതിരായ മറ്റ് ആരോപണങ്ങൾ നിലനിൽക്കുന്നതായും ടി ഉത്തരവിൽ പാലിച്ച ഒരു നടപടിക്രമവും ഗ്രാമപഞ്ചായത്ത് പാലിച്ചതായി കാണുന്നില്ല എന്നും പഞ്ചായത്ത് ഭരണസമിതിക്ക് നിയമോപദേശം നൽകേണ്ട സെക്രട്ടറി അപ്രകാരം പ്രവർത്തിച്ചതായി കാണുന്നില്ലായെന്നും താൻ അന്നേ ദിവസം അവധിയിലായിരുന്നു എന്ന എതിർവാദം ടിയാൻ ചെയ്ത കുറ്റത്തിന്റെ വ്യാപ്തി നോക്കുമ്പോൾ സാധൂകരിക്കത്തക്കതല്ലായെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാലാണ് ടിയാന്റെ ഒരു വരും കാലവാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ ഒരു വർഷത്തേയ്ക്ക് തടയുക എന്ന ശിക്ഷ നൽകി ടിയാനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവായിരുന്നത് എന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം ( 3 ) പ്രകാരം സമർപ്പിച്ച അഭിപ്രായക്കുറിപ്പിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. സെൻ കുമാറിനു 10.02.2015-ൽ മാത്രമാണ് കട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ അധിക ചുമതല നൽകുന്നത്. ടിയാന് ചുമതലയുണ്ടായിരുന്ന 10.07.2015-ലെ 21-ാം നമ്പർ തീരുമാനപ്രകാരമല്ല വാകമരം വെട്ടിമാറ്റിയിട്ടുള്ളത്. ആയതു വെട്ടുന്നതിനു തീരുമാനം എടുത്തത് 17.09.2011-ൽ ചേർന്ന ഗ്രാമസഭയിൽ ആയിരുന്നു എന്നും ടി മരം ആരും വിലക്കെടുക്കാൻ തയ്യാറാകാത്ത സാഹചര്യത്തിൽ മരം വെട്ടിയ ആൾ തന്നെ വിലയ്ക്കെടുത്തു കൊള്ളാം എന്നറിയിച്ചതിനെത്തുടർന്ന് പ്രാദേശികമായ വില വെട്ടുകൂലി ഉൾപ്പെടെ നിശ്ചയിച്ച് നൽകുക മാത്രമാണ് 10.07.2015-ൽ ചേർന്ന ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം കൈകൊണ്ടത് എന്നും മേൽ തീയതിയിലെ പഞ്ചായത്ത് കമ്മിറ്റിയിലും ടിയാൻ പങ്കെടുത്തിരുന്നില്ല എന്നും ടി യാൻ അറിയിച്ച സാഹചര്യത്തിലും മേൽ വിവരം പഞ്ചായത്തു ഡയറക്ടർ ശരിവച്ചിട്ടുള്ള സാഹചര്യത്തിലും ടിയാനെതിരെ അച്ചടക്കനടപടി സ്വീകരിച്ചത് ഉചിതമല്ല എന്നു കാണുന്നു. ടിയാൻ ചുമതലയുള്ള കാലയളവിൽ എടുക്കുന്ന തീരുമാനങ്ങളിൽ പാളിച്ചകൾ ഉണ്ടാകുന്നെങ്കിലും നടപടിക്രമം പാലിച്ചില്ലെങ്കിലും ഭരണസമിതിയുടെ ശ്രദ്ധയിൽ ആയതു കൊണ്ടുവരേണ്ടതും നിയമോപദേശം നൽകേണ്ടതും സെക്രട്ടറിയുടെ ചുമതലയാണ്. എന്നിരുന്നാലും ടിയാന്റെ ഒരു വരുംകാല വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ ഒരു വർഷത്തേയ്ക്ക് തടയുക എന്ന ശിക്ഷ നൽകുവാൻതക്ക കുറ്റം ശ്രീ. കെ. സെൻകുമാർ ചെയ്തതായി കാണുന്നില്ല. ഈ സാഹചര്യത്തിൽ ശ്രീ.

സെൻ കുമാറിനെതിരെ പഞ്ചായത്ത് ഡയറക്ടർ സ്വീകരിച്ച അച്ചടക്ക നടപടിയിൽ നിന്നും ടിയാനെ ഒഴിവാക്കി ശ്രീ. കെ. സെൻകുമാറിന്റെ അപ്പീൽ അപേക്ഷ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ്.മോഹന്ദാസ്
അഡീഷണല് സെക്രട്ടറി

പകർപ്പ്

1. ശ്രീ. കെ. സെൻകുമാർ, മുൻ സെക്രട്ടറി, കുട്ടിക്കൽ ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/27/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ